# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1684

13.07.2011 ൽ
മറുപടിക്ക്

## സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ടകണക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. മമ്മുട്ടി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങളുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് മുൻ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുംവേണ്ടി മുൻ സർക്കാർ സ്വീകരിച്ചിരുന്ന നടപടികൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| ബി) ഇതിന്റെ ഫലമായി ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. | (ബി) 2005-06 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 20 പൊതു മേഖലാസ്ഥാപനങ്ങൾ 2010-11 സാമ്പത്തിക വർഷത്തിൽ ലാഭത്തിൽ പ്രവർത്തിക്കുന്നു. വിശദവിവരം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ? | (സി)2010-11 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടം താഴെ ചേർക്കുന്നു. |

തുക ലക്ഷത്തിൽ

| ക്രമ നം. | സ്ഥാപനം | സഞ്ചിത നഷ്ടം (31.3.2011 ലെ കണക്ക്) |
|---|---|---|
| 1 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 179.79 |
| 2. | ദി കേരള സിറാമിക്സ് ലിമിറ്റഡ് | 3500.63 |
| 3 | തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്. | 2353.26 |
| 4 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് | 1388.10 |
| 5 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 631.56 |
| 6 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 4532.30 |

സെക്ഷൻ ഓഫീസർ

അനുബന്ധം- 1

- കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷത്തിന്റെയും തുടക്കത്തിൽ ബഡ്ജറ്റ് വിലയിരുത്തിയിരുന്നു.
- സ്ഥാപനങ്ങളുടെ നവീകരണത്തിന്റെയും, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും ഭാഗമായി പ്രവർത്തനമാന്ദ്യം നേരിട്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ അവയുടെ സുസ്ഥിരമായ ഭാവി ഉറപ്പിൽ വരുത്തുന്നതിലേയ്ക്കായും അവരുടെ തന്നെ പ്രവർത്തന മേഖലയിൽ കഴിവു തെളിയിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടിട്ടുണ്ട്.
- വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചീഫ് എക്സിക്യൂട്ടീവ്മാരെ നിയമിക്കുകയും ചില പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളുടെ ശമ്പളം കാറ്റഗറി അനുസരിച്ച് വർദ്ധിപ്പിക്കുവാനുള്ള ഉത്തരവു പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.
- വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ കാര്യക്ഷമത കൂട്ടുന്നതിനായുള്ള പരിശീലന പരിപാടികൾ RIAB മുഖേനയും, കമ്പനിതലത്തിലും ആവിഷ്ക്കരിച്ചിട്ടുണ്ട്.
- സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മാസംതോറുമുള്ള പ്രവർത്തന അവലോകന സംവിധാനം റിയാബ് മുഖേന വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ മാസവും നടത്തിയിരുന്നു.
- ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചു.
- കമ്പനികളിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടി സർക്കാർ റിയാബ് മുഖേന ചാർട്ടേഡ് അക്കൗണ്ടന്റ്സിന്റെ ഒരു പാനൽ തയ്യാറാക്കി അംഗീകരിക്കുകയും സ്ഥാപനങ്ങളോട് ഈ പാനലിൽ നിന്നു മാത്രമേ ഇന്റേണൽ ഓഡിറ്റേഴ്സിനെ നിയമിക്കാവൂ എന്ന നിർദ്ദേശവും നൽകിയിരുന്നു.
- നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപണന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും സ്വീകരിച്ചിരുന്നു.
- പൊതുമേഖലാ സ്ഥാപനങ്ങളും, ബാങ്കുകളുമായുള്ള സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി, ബാങ്കുകളുമായി സർക്കാർ ചർച്ചനടത്തി One Time Settlement നടപ്പിലാക്കിയിട്ടുണ്ട്.
- ടെക്സ്റ്റൈൽ മേഖലയിലുള്ളവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി മാസംതോറുമുള്ള അവലോകനം കൂടാതെ കമ്പനികളിൽ നിന്നും ലഭിക്കുന്ന Weekly Report ന്റെ അടിസ്ഥാനത്തിൽ ആഴ്ചതോറുമുള്ള പ്രവർത്തനം റിയാബ് മുഖേന മോണിറ്റർ ചെയ്തിരുന്നു.
- ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിൽ ഡ്രഡ്ജിംഗ് സംവിധാനം നടത്തുന്നതിനുള്ള ചുമതല ഏർപ്പെടുത്തി.
- ചില സ്ഥാപനങ്ങൾക്ക് ഗ്രാന്റു നൽകുകയും ചില സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ വകുപ്പുകളിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

- ആട്ടോകാസ്റ്റ് ലിമിറ്റഡിൽ മുൻ കാലങ്ങളിൽ വരുത്തിയ ഭീമമായ കടങ്ങൾ ഇളവുചെയ്തു.
- ടെക്സ്റ്റൈൽ മേഖലയിൽ ആധുനികവത്കരണവും നവീകരണവും ഉൾപ്പെടെയുള്ള പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കി.
- സഹകരണ മേഖലയ്ക്കും കൂടി ഗുണം കിട്ടത്തക്ക രീതിയിൽ Cotton Purchase Committee നിലവിൽ വന്നു.
- പൊതുമേഖലാസ്ഥാപനങ്ങളിലെയും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തി.
- TELK, KEL എന്നീ സ്ഥാപനങ്ങൾ കേന്ദ്ര സർക്കാർ ഏജൻസികളുമായും, കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുമായും വ്യവസായ ബന്ധങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

അനുബന്ധം - 2

തുക കോടിയിൽ

| ക്രമ നം | സ്ഥാപനം | 2005-06 | 2010-11 |
|---|---|---|---|
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. | -38.61 | 7.93 |
| 2 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സ് ലിമിറ്റഡ് | -15.53 | 16.47 |
| 3 | കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്. | -6.64 | 4.81 |
| 4 | ട്രാക്കോ കേബിൾസ് കമ്പനി ലിമിറ്റഡ് | -6.58 | 4.09 |
| 5 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് | -3.90 | 1.12 |
| 6 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് | -3.83 | 2.25 |
| 7 | കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്. | -3.20 | 0.07 |
| 8 | കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | -3.15 | 0.22 |
| 9 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്. | -2.86 | 0.47 |
| 10 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | -2.41 | 0.48 |
| 11 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് | -1.95 | 0.22 |
| 12 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡ്. | -1.90 | 1.04 |
| 13 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | -1.84 | 3.61 |
| 14 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് | -1.72 | 0.90 |
| 15 | കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് | -1.13 | 4.66 |
| 16 | ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് | -0.99 | 0.69 |
| 17 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് | -0.89 | 0.61 |
| 18 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്. | -0.75 | 0.41 |
| 19 | കെൽപാം | -0.42 | 0.08 |
| 20 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | -0.06 | 0.01 |